## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6076** **20.11.2019-ൽ മറുപടിയ്ക്ക്**

### പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ എത്രയാണ്; കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി ഇരുപതിനായിരം കോടിയോളം രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇവർക്കായി ചെലവഴിക്കുകയുണ്ടായോ; വ്യക്തമാക്കമോ; | (എ) | 2011 സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ 30,39,573 ഉം പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ഉം ആണ്.<br>പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി പട്ടികജാതി വികസന വകുപ്പ് മുഖേനയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയുമായി 19233.99 കോടി രൂപ ചെലവഴിക്കുകയുണ്ടായി.<br>പട്ടികവർഗ്ഗ വികസന വകുപ്പ് 5123.32 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. |
| (ബി) | ഈ തുക ഇവർക്കിടയിൽ വീതിച്ചിരുന്നെങ്കിൽ ഒരാൾക്ക് അമ്പതിനായിരം രൂപയിലധികം ലഭിക്കുമായിരുന്നു എന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) | പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഈ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി വകയിരുത്തുന്ന തുക ഇവർക്കിടിയിൽ വീതിച്ചു നൽകിയാൽ സമഗ്രമായ ഉന്നമനം സാധ്യമാവില്ല. ആയതിനാൽ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ, സാമ്പത്തിക, വിദ്യാഭ്യാസ, തൊഴിൽദായക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. |
| (സി) | ഇവർക്കായി അനുവദിച്ച തുകകൾ പൂർണമായും ഇവരിലേക്ക് എത്തിയതായി സർക്കാർ കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ഉറപ്പുവരുത്താൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളും/വ്യക്തിഗത ആനുകൂല്യങ്ങളും ഇവർക്കുതന്നെ ലഭ്യമാകുന്ന കാര്യം ജില്ലാ/ബ്ലോക്ക്തലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ